## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2323** **06-07-2022 - ൽ മറുപടിയ്ക്ക്**

## അബ്കാരികളിൽ നിന്നുള്ള കുടിശ്ശിക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാരിന് 2021-22 കാലയളവിൽ അബ്കാരികളിൽ നിന്നും കുടിശ്ശിക ലഭിക്കാനുണ്ടോ; ഇവ എത്രയാണ്; ആയത് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | എക്സൈസ് വകുപ്പിൽ അബ്കാരി കുടിശ്ശിക ഇനത്തിൽ 31.03.2022 വരെ മുതലിനത്തിൽ 578735464/- രൂപയും, പലിശയിനത്തിൽ 2233814726/- രൂപയും ആയി ആകെ 2812550190/- രൂപ പിരിച്ചെടുക്കുവാനുണ്ട്. എക്സൈസ് വകുപ്പിൽ അബ്കാരി കുടിശ്ശിക ഇനത്തിൽ പിരിച്ചെടുക്കുവാനുള്ള തുക കുടിശ്ശിക കക്ഷികളിൽ നിന്നോ , അനന്തരാവകാശികളിൽ നിന്നോ ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്താൻ എല്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷ്ണർമാർക്കും നിർദ്ദേശം നല്കിയിട്ടുള്ളതാണ്. റവന്യൂ അധികാരികളുമായി ചേർന്ന് കുടിശ്ശിക ഈടാക്കുന്നതിന് സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിച്ചു വരുന്നു. കുടിശ്ശികക്കാർ വിവിധ കോടതികളിൽ ഫയൽ ചെയ്തിട്ടുള്ള കേസുകളുടെ തീർപ്പാക്കുന്നതിലെ കാലതാമസം കുടിശ്ശിക പിരിവിന് തടസമായി നിലനില്ക്കുന്നു. |
| (ബി) | ഓരോ ജില്ലയിലേയും കുടിശ്ശിക എത്രയാണെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ; | (ബി) | കുടിശ്ശിക സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത കുടിശ്ശികയ്ക്ക് പലിശയും പിഴപലിശയും ഈടാക്കുന്നുണ്ടോ; ഇവ ഒഴിവാക്കി കൊടുക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | അബ്കാരി കുടിശ്ശികയുടെ മുതൽ തുകയ്ക്ക് 18% നിരക്കിൽ വാർഷിക പലിശയാണ് ഈടാക്കുന്നത്. ഒറ്റതവണ തീർപ്പാക്കൽ പദ്ധതി (ആംനെസ്റ്റി) സർക്കാരിന്റെ പരിഗണനയിൽ ഉണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ക്രമ നം. | ജില്ല | മുതൽ | പലിശ | ആകെ |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 159259732 | 611840596 | 771100328 |
| 2 | കൊല്ലം | 93698994 | 357405166 | 451104160 |
| 3 | പത്തനംതിട്ട | 26768881 | 110421757 | 137190638 |
| 4 | ആലപ്പുഴ | 22637936 | 48686329 | 71324265 |
| 5 | കോട്ടയം | 35062146 | 178903382 | 213965528 |
| 6 | ഇടുക്കി | 37569318 | 170974194 | 208543512 |
| 7 | എറണാകുളം | 5310994 | 23967886 | 29278880 |
| 8 | തൃശ്ശൂർ | 1388244153 | 541168256 | 679412409 |
| 9 | പാലക്കാട് | 24625121 | 120825649 | 145450770 |
| 10 | മലപ്പുറം | 639782 | 2476749 | 3116531 |
| 11 | കോഴിക്കോട് | 16580230 | 24814572 | 41394802 |
| 12 | വയനാട് | 3701000 | 13739985 | 17440985 |
| 13 | കണ്ണൂർ | 8690843 | 2935331 | 11626174 |
| 14 | കാസർഗോഡ് | 5946334 | 25654874 | 31601208 |